ഗവൺമെന്റ് പ്രസ്സിലെ നിയമനം

43 (2918) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളിൽ കട്ടിംഗ് മെഷീൻ സെക്ഷനുകളിൽ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണോ ജീവനക്കാരെ നിയമിക്കുന്നത് ;

(ബി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലുള്ള കീഴ്വഴക്കങ്ങൾ ലംഘിച്ച് നിയമനം നടത്തിയിട്ടുണ്ടോ ;

(സി) ശ്രീ. പി. യു. ജലീൽ എന്ന തൊഴിലാളിക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം കട്ടിംഗ് മെഷീൻ സെക്ഷനിൽ നിയമനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ഈ തൊഴിലാളിയുടെ ശമ്പളവും ഇൻക്രിമെന്റും തടഞ്ഞ് വെച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ശ്രീ. പി. യു. ജലീൽ എന്ന തൊഴിലാളിയെ കട്ടിംഗ് മെഷീനിൽ നിയമിച്ചിരിക്കുന്നത് സീനിയോറിറ്റി പ്രകാരമായിരുന്നില്ല. ബാലറ്റ് പേപ്പർ, ഇലക്ഷൻ ഫോറങ്ങൾ, പാഠപുസ്തകങ്ങൾ എന്നിവയുടെ അച്ചടിസമയത്ത് ജോലിയിൽ വീഴ്ച വരുത്തിയതുമൂലം ടി യാനെ കട്ടിംഗ് മെഷീനിൽ നിന്ന് മാറ്റിയിട്ടുണ്ട്.

(ഡി) ബാലറ്റ് പേപ്പർ, പാഠപുസ്തക്കങ്ങൾ എന്നീ സമയബന്ധിത ജോലിയിൽ വീഴ്ച വരുത്തിയതുകൊണ്ട് ശമ്പളവും ഇൻക്രിമെന്റും തടഞ്ഞിട്ടുണ്ട്.

ട്രാൻസ്ഫർ ലഭിച്ചിട്ടും വിടുതൽ ചെയ്യാത്ത നടപടി

44 (2919) ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിന്നും പ്രമോഷനോടുകൂടി ട്രാൻസ്ഫർ ലഭിച്ചതിനുശേഷവും എത്ര ജീവനക്കാരെ വിടുതൽ ചെയ്യാതെ നിലനിറുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത ജീവനക്കാർ ആരെല്ലാമെന്ന് അറിയിക്കാമോ ;

(സി) സ്ഥലമാറ്റ ഉത്തരവ് ലഭിച്ചതിനുശേഷം നിയമനാനുസൃതം എത്രകാലം ജീവനക്കാരെ വിടുതൽ ചെയ്യാതെ നിർത്തുവാൻ ഡെപ്യൂട്ടി സൂപ്രണ്ടിന് അധികാരമുണ്ട് ; പ്രസ്തുത നടപടി നിയമവിരുദ്ധമാണെങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നു ജീവനക്കാരെ.

(ബി)1. ശ്രീമതി സാവിത്രി കൊടക്കാട്, ഒന്നാം ഗ്രേഡ് ബൈന്റർ.

2. ശ്രീ. സി. വേണുഗോപാൽ, രണ്ടാം ഗ്രേഡ് കമ്പ്യൂട്ടർ

3. ശ്രീ. എം. എസ്. രാമകൃഷ്ണൻ, രണ്ടാം ഗ്രേഡ് ഇലക്ട്രീഷ്യൻ.

(സി) ശ്രീമതി സാവിത്രി കൊടക്കാടിനെ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേയുടെ അടിസ്ഥാനത്തിലും ശ്രീ. വേണുഗോപാലനേയും ശ്രീ. എം. എസ്. രാമകൃഷ്ണനേയും വകുപ്പിന്റെ പ്രവർത്തന സൗകര്യാർത്ഥവുമാണ് ഷൊർണ്ണൂർ ഗവ. പ്രസ്സിൽ നിലനിർത്തിയിരിക്കുന്നത് എന്ന് അച്ചടി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തടഞ്ഞു വച്ചിരിക്കുന്ന ശമ്പളം നൽകുന്നതിന് നടപടി

45 (2920) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ സീനിയർ ഗ്രേഡ് ബൈന്റർ ശ്രീമതി സാവിത്രി കൊടക്കാട്, ഫസ്റ്റ് ഗ്രേഡ് ബൈന്റർ ശ്രീമതി എം. കെ. ഇന്ദിര എന്നിവരുടെ ഏതെല്ലാം മാസങ്ങളിലെ ശമ്പളമാണ് നല്കാനുള്ളത് എന്നറിയിക്കാമോ ;

(ബി) അവരുടെ ശമ്പളം തടഞ്ഞു വെച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ശമ്പളം നല്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സീനിയർ ഗ്രേഡ് ബൈന്റർ, ശ്രീമതി സാവിത്രി കൊടക്കാടിന് 10/99 മുതൽ 2/2000 വരെയും ഒന്നാം ഗ്രേഡ് ബൈന്റർ ശ്രീമതി. എം. കെ. ഇന്ദിരയ്ക്ക് 11/99 മുതൽ 2/2000 വരെയും ശമ്പളം നല്കിയിട്ടില്ല.

(ബി) ഉയർന്ന തസ്തികയിലേയ്ക്കുള്ള സ്ഥലം മാറ്റ ഉത്തരവ് മൂലവും ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ തസ്തികകൾ ഒഴിവില്ലാത്തതിനാലും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലനിർത്തിയിരിക്കുന്നതിനാലും അവർക്ക് ശമ്പളം നല്കിയിട്ടില്ല. എന്നാൽ പിന്നീട് ഒഴിവ് വന്ന തസ്തികയിൽ ശ്രീമതി ഇന്ദിരയെ നിയമിച്ചതിനാൽ തുടർന്ന് ശമ്പളം നൽകുന്നുണ്ട്.

(സി) ശമ്പളം നൽകുന്നതിനുള്ള മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly